(സി) എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഇക്കോടൂറിസം, തടി വിൽപ്പന,നാണ്യവിള വിൽപ്പന എന്നിവ പുനരുജ്ജീവിപ്പിച്ച് കെ.എഫ്.ഡി.സി-യുടെ നിലവിലെ അവസ്ഥ മെച്ചപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കയ്യമംഗലത്തെ തീരസംരക്ഷണ നടപടികൾ

136 (3842) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യമംഗലം നിയോജകമണ്ഡലത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളുടെ പരിസ്ഥിതി സൗഹൃദ സംരക്ഷണത്തിനായി വനം വകുപ്പ് ഇതിനോടകം സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കയ്യമംഗലം നിയോജകമണ്ഡലത്തിലെ ശ്രീനാരായണപുരം പഞ്ചായത്തിൽ കടലാക്രമണം നേരിടുന്നതിനായി ജൈവ കവചം സൃഷ്ടിക്കുന്നതിന് വനം വകുപ്പ് പൂവരശ് തൈകൾ നൽകുകയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ആയവ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അലങ്കാര പക്ഷി-മൃഗ വളർത്തലിന് വിലക്ക്

137 (3843) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജീവന മാർഗ്ഗത്തിന്റെ ഭാഗമായി തത്തകളെ വളർത്തുന്നതിന് നിയമപരമായ വിലക്കുണ്ടോ; വിശദമാക്കാമോ?

ഇന്ത്യൻ തത്തകളെ വളർത്തുന്നതിന് നിയമപരമായ വിലക്കുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ ഷെഡ്യൂൾ IV-ൽ, പൈറ്റം 11-ൽ (പക്ഷികൾ) 50-ാം ഇനമായി തത്തകൾ [Parakeets (Psittacidie)] വരുന്നതിനാൽ മേൽ നിയമപ്രകാരം ഇന്ത്യൻ തത്തകളെ വളർത്തുന്നതിന് വിലക്കുണ്ട്.

(ബി) ഈവിധം വളർത്തുന്നതിന് നിയമപരമായി തടസ്സമുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ ഷെഡ്യൂൾ I, II, III, IV-ലുൾപ്പെട്ടിട്ടുള്ള മൃഗങ്ങളെയും പക്ഷികളെയും വളർത്തുന്നതിന് നിയമപരമായ തടസ്സമുണ്ട്. ഷെഡ്യൂൾ I, II, III, IV എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly